## പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 698** **29/10/2019-ൽ മറുപടിയ്ക്ക്**

### കേരള സഹകരണ അംഗ സമാശ്വാസനിധി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.അബ്ദുൽ ഹമീദ് പി. | | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദസഞ്ചാരവും<br>ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) | സർക്കാരിന്റെ 22.06.2018-ലെ സ.ഉ.(കൈ) 22/2018/സഹ. നമ്പർ ഉത്തരവ് പ്രകാരം കേരള സഹകരണ അംഗ സമാശ്വാസ നിധി രൂപീകരിച്ച് ഉത്തരവായിട്ടുണ്ടോ; | (എ) | ഉത്തരവായിട്ടുണ്ട്. |
| (ബി) | പ്രസ്തുത ഫണ്ടിൽ നിന്ന് സഹകാരികൾക്കു തുക അനുവദിച്ചു തുടങ്ങിയിട്ടുണ്ടോ; എങ്കിൽ എത്ര തുക അനുവദിച്ചു എന്ന് വ്യക്തമാക്കാമോ; | (ബി) | പ്രസ്തുത ഫണ്ടിൽ നിന്നും സഹകാരികൾക്ക് തുക അനുവദിച്ച് നൽകുന്നതിലേയ്ക്കായി 50,000/- രൂപ വീതം അർഹതയുള്ള 5 അപേക്ഷകൾ (ആകെ 2,50,000/- രൂപ) നിലവിൽ പരിഗണനയിലാണ്. കൂടാതെ പ്രളയാനന്തരം വീടും സ്വത്തും നഷ്ടപ്പെട്ട കുടുംബങ്ങളുടെ പുനരധിവാസത്തിന്റെ ഭാഗമായി സംസ്ഥാന സഹകരണ വകുപ്പ് വീട് നിർമ്മിച്ച് നൽകുന്ന പദ്ധതിയായ 'കെയർ ഹോം' പദ്ധതിയിലേക്ക് സഹകരണ അംഗ സമാശ്വാസ നിധിയിൽ നിന്നും 35 കോടി രൂപ അനുവദിച്ച് നൽകിയിട്ടുണ്ട് |
| (സി) | ഇതുവരെ അർഹരായവർക്കു തുക അനുവദിച്ചു നല്കിയിട്ടില്ലെങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കാമോ? | (സി) | ടി പദ്ധതി പ്രകാരം തുക അനുവദിക്കുന്നതിലേയ്ക്കായി ലഭിച്ച അപേക്ഷകളിലെ ചില ന്യൂനതകൾ പരിഹരിച്ച് ലഭ്യമാക്കുന്നതിന് കാലതാമസം നേരിട്ടിരുന്നു. അർഹരായവർക്ക് തുക അനുവദിച്ച് നൽകുന്നതിന് ടി അപേക്ഷകൾ ബഹു. സഹകരണ വകുപ്പ് മന്ത്രി, സഹകരണ വകുപ്പ് സെക്രട്ടറി, സഹകരണ സംഘം രജിസ്ട്രാർ എന്നിവർ ചേർന്ന മൂന്നംഗ മോണിറ്ററിംഗ് കമ്മിറ്റിയുടെ പരിഗണനയ്ക്ക് വയ്ക്കുന്നതിനുള്ള നടപടി സഹകരണ സംഘം രജിസ്ട്രാർ കൈക്കൊണ്ടുവരുന്നു. |

**സെക്ഷൻ ഓഫീസർ**